## JUBILEE OF DIVINE MERCY

## HOMILY OF HIS HOLINESS POPE FRANCIS

"Jesus did many other signs in the presence of the disciples, which are not written in this book" (Jn 20:30). The Gospel is the book of God's mercy, to be read and reread, because everything that Jesus said and did is an expression of the Father's mercy. Not everything, however, was written down; the Gospel of mercy remains an open book, in which the signs of Christ's disciples – concrete acts of love and the best witness to mercy – continue to be written. We are all called to become living writers of the Gospel, heralds of the Good News to all men and women of today. We do this by practicing the corporal and spiritual works of mercy, which are the hallmarks of the Christian life. By means of these simple yet powerful gestures, even when unseen, we can accompany the needy, bringing God's tenderness and consolation. Thus continues the great work of Jesus on Easter day, when he poured into the hearts of his fearful disciples the Father's mercy, bringing them the Holy Spirit who forgives sins and bestows joy.

At the same time, the story we have just heard presents an evident contrast: there is the fear of the disciples, who gathered behind closed doors; and then there is the mission of Jesus, who sends them into the world to proclaim the message of forgiveness. This contrast may also be present in us, experienced as an interior struggle between a closed heart and the call of love to open doors closed by sin. It is a call that frees us to go out of

ourselves. Christ, who for love entered through doors barred by sin, death and the powers of hell, wants to enter into each one of us to break open the locked doors of our hearts. Jesus, who by his resurrection has overcome the fear and dread which imprison us, wishes to throw open our closed doors and send us out. The path that the Risen Master shows us is a one way street, it goes in only one direction: this means that we must move beyond ourselves to witness to the healing power of love that has conquered us. We see before us a humanity that is often wounded and fearful, a humanity that bears the scars of pain and uncertainty. Before the anguished cry for mercy and peace, we hear Jesus' inspiring invitation: "As the Father has sent me, even so I send you" (Jn 20:21).

In God's mercy, all of our infirmities find healing. His mercy, in fact, does not keep a distance: it seeks to encounter all forms of poverty and to free this world of so many types of slavery. Mercy desires to reach the wounds of all, to heal them. Being apostles of mercy means touching and soothing the wounds that today afflict the bodies and souls of many of our brothers and sisters. Curing these wounds, we profess Jesus, we make him present and alive; we allow others, who touch his mercy with their own hands, to recognize him as "Lord and God" (Jn 20:28), as did the Apostle Thomas. This is the mission that he entrusts to us. So many people ask to be listened to and to be understood. The Gospel of mercy, to be proclaimed and written in our daily lives, seeks people with patient and open hearts, "good Samaritans" who understand compassion and silence before the mystery of each brother and sister. The Gospel of mercy requires generous and joyful servants, people who love freely without expecting anything in return.

“Peace be with you!” (Jn 20:21) is the greeting of Jesus to his disciples; this same peace awaits men and women of our own day. It is not a negotiated peace, it is not the absence of conflict: it is his peace, the peace that comes from the heart of the Risen Lord, the peace that has defeated sin, fear and death. It is a peace that does not divide but unites; it is a peace that does not abandon us but makes us feel listened to and loved; it is a peace that persists even in pain and enables hope to blossom. This peace, as on the day of Easter, is born ever anew by the forgiveness of God which calms our anxious hearts. To be bearers of his peace: this is the mission entrusted to the Church on Easter day. In Christ, we are born to be instruments of reconciliation, to bring the Father’s forgiveness to everyone, to reveal his loving face through concrete gestures of mercy.

In the responsorial Psalm we heard these words: “His love endures forever” (Ps 117/118:2). Truly, God’s mercy is forever; it never ends, it never runs out, it never gives up when faced with closed doors, and it never tires. In this forever we find strength in moments of trial and weakness because we are sure that God does not abandon us. He remains with us forever. Let us give thanks for so great a love, which we find impossible to grasp; it is immense! Let us pray for the grace to never grow tired of drawing from the well of the Father’s mercy and bringing it to the world. Let us ask that we too may be merciful, to spread the power of the Gospel everywhere, and to write those pages of the Gospel which John the Apostle did not write.

Saint Peter’s Square
Sunday, 3 April 2016

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം - 2016

**കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,**

1. അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് ഒന്നിന്റെ ആശംസകൾ നേരുന്ന തോടൊപ്പം, തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ നിത്യജീവനിലുള്ള പ്രത്യാശയാണല്ലോ. നിത്യജീവൻ നേടുന്നതിനായി എന്തുചെയ്യണമെന്ന് യേശുക്രിസ്തു വ്യക്തമാക്കുന്ന രണ്ട് പ്രധാന സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കുന്ന ധനികനായ യുവാവിന് നൽകുന്ന മറുപടിയാണിതിൽ ആദ്യത്തേത് (മത്തായി 19/16-21). ഭൗതികസ്വത്തുക്കളെയും ഭൗമികജീവിതത്തെയും നിത്യജീവനെക്കാൾ വലുതായിക്കാണുന്ന മനുഷ്യരുടെ പ്രതീകമാണ് ഈ ചെറുപ്പക്കാരൻ. നിത്യജീവിതത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അർഹതയും അതു നേടാനാകാതെ പോയവരുടെ അനർഹതയും വെളിപ്പെടുത്തുന്ന അന്ത്യവിധിയാണ് രണ്ടാമത്തേത് (മത്തായി 25/31-46). എനിക്ക് വിശന്നപ്പോൾ ആഹാരവും, ദാഹിച്ചപ്പോൾ വെള്ളവും, പരദേശിയപ്പോൾ സ്വഭവനത്തിൽ സ്വീകരണവും, നഗ്നനായിരുന്നപ്പോൾ വസ്ത്രവും, രോഗിയായിരുന്നപ്പോൾ ആശ്വാസവും, കാരാഗൃഹത്തിലായിരുന്നപ്പോൾ സാമീപ്യവും നൽകി എന്നതായിരുന്നു അർഹത. നിത്യജീവനിലേക്ക് പ്രവേശിച്ചവരും പ്രവേശിക്കാൻ പറ്റാത്തവരും ചോദിച്ചത് ഒരേ ചോദ്യം. അതിനുള്ള ഉത്തരമാണ് ഈ കാരുണ്യവർഷത്തിൽ കർത്താവ് വീണ്ടും നമ്മോടു പറയുന്നത്: ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്.

3. വിശപ്പ് മനുഷ്യന്റെ അവശ്യവസ്തുക്കളുടെ പ്രതീകമാണ്, ദാഹമാകട്ടെ ആഗ്രഹങ്ങളും. പരദേശി പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടുപോയവരുമാണ്. കാരാഗൃഹം സ്വാതന്ത്ര്യത്തിന്റെ നഷ്ടവും, നഗ്നത മാന്യതയുടെ തകർച്ചയും, രോഗം സഹോദരങ്ങളിൽ നിന്നും ലഭിക്കാതെ പോകുന്ന കരുതലും ആശ്വാസവുമാണ്. അതുകൊണ്ടാണ് എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്ക് 6:36) എന്ന വചനം ആപ്തവാക്യമായി എടുത്ത് പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ വർഷത്തെ മെയ്ദിനത്തിന്റെ പ്രധാന സന്ദേശവും ഇതുതന്നെയാണ്; നമുക്കും കരുണ ഉള്ളവരാകാം.

4. വ്യവസ്ഥകളില്ലാത്ത കാരുണ്യമാണു ദൈവത്തിന്റേത്. ദൈവ കാരുണ്യാനുഭവം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത ഘടക ങ്ങളിലും സംവിധാനങ്ങളിലും രൂഢമൂലമാകേണ്ടിയിരിക്കുന്നു. പട്ടിണി,ദാരിദ്ര്യം, ചൂഷണം, വിവേചനം, അഴിമതി, അനീതി തുടങ്ങി സമകാലിക സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തിന്മകളും കാരുണ്യമില്ലാത്ത വ്യക്തികളുടേയും സാമൂഹിക ഘടനകളുടെയും സൃഷ്ടിയാണ്.

5. ലോകത്ത് ആകെയുള്ള ദരിദ്രരിൽ മൂന്നിലൊന്നു പേരും അധിവസിക്കുന്നത് ഇന്ത്യയിലാണെന്നാണു ലോകബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും പരാധീനതകളുടെയും നേർചിത്രം കേന്ദ്രസർക്കാർ ഈയിടെ പുറത്തിറക്കിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ (2011) റിപ്പോർട്ട് വെളിവാക്കുന്നു. ആദ്യമായിട്ടാണ് വീടുവീടാന്തരം വിവരശേഖരണം നടത്തപ്പെട്ട ഒരു കുടുംബസ്ഥിതി വിവരക്കണക്കെടുപ്പ് ഇന്ത്യയിൽ നടന്നത്. അതുകൊണ്ട് ഈ സെൻസസിന്റെ കണ്ടെത്തൽ യാഥാർത്ഥ്യത്തോട് കൂടുതൽ അടുത്തു നിൽക്കുന്നുവെന്നു കാണാം. ഇതനുസരിച്ച് രാജ്യത്തെ എഴുപത്തിയഞ്ച് ശതമാനം കുടുംബങ്ങളുടെയും പ്രതിമാസവരുമാനം അയ്യായിരം രൂപയിൽ താഴെ മാത്രമാണ്. കേരളത്തിലെ സ്ഥിതിവിശേഷവും ഒട്ടും മെച്ചപ്പെട്ടതല്ല. ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തെയും, ഭൗതിക ജീവിതാവസ്ഥയുടെ പരിമിതികളെയും പരാധീനതകളെയും സംബന്ധിച്ച് വിശദമായ വിശകലനം ഈ റിപ്പോർട്ടിൽ ഉണ്ട്.

6. അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തി പരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ. ആദ്യത്തേത് രണ്ടും ഭരണകൂടവും പൊതുസമൂഹവും ഉറപ്പുവരുത്തേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളിലാണ്. അതായത് തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ സംലഭ്യമല്ലാത്ത് അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ചിട്ടും രണ്ടററവും കൂട്ടിമുട്ടിക്കുവാൻ കഴിയാത്തവരാ ണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ചു ഏക്കർ കൃഷി ഭൂമി സ്വന്തമായുള്ള ചെറുകിടകർഷകർവരെ അസംഘടിത തൊഴിലാളി വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസം ഘടിത തൊഴിലാളികളാണെന്നും, ദേശീയവരുമാനത്തിന്റെ അറുപത്തഞ്ച് ശതമാനവും ഇവരുടെ സംഭവനയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. നാൽപ്പത്തഞ്ച് കോടിവരുന്ന ഇവരാണ് യഥാർത്ഥ അദ്ധ്വാനശക്തിയെങ്കിലും

അവകാശ നിഷേധവും അവസര നിഷേധവും വഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടുകൊണ്ടിരി ക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ മൂന്നിൽ രണ്ട് ഭാഗം പേരും കൃഷി, മൽസ്യബന്ധനം, കന്നുകാലിവളർത്തൽ എന്നിവ വഴി പ്രാഥമിക മേഖലയിലാണ് ഉപജീവനം കണ്ടെത്തുന്നത്. ഈ വർഷം ബജററിനു മുമ്പ് കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്കു 7.6 ശതമാനമാണെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ ജീവസന്ധാരണ മാർഗമായ പ്രാഥമിക മേഖലയുടെ വളർച്ച കേവലം 1.1 ശതമാനം മാത്രമാണ്. എന്നാൽ കോർപ്പറേററുകളുടെ വളർച്ച 20 ശതമാനമാണ്. രാജ്യം കൈവരിക്കുന്ന വളർച്ചയും പുരോഗതിയും അടിസ്ഥാന ജനവിഭാഗമായ തൊഴിലാളികളിലേക്ക് എത്തിച്ചേരുന്നില്ല. ഇവ ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നു എന്നാണ് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നത്. അതുപോലെതന്നെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ അളവുകോലായി കോർപ്പറേറ്റുകളുടെ വളർച്ച മാത്രം എടുത്താൽ മതിയോ എന്നതും ഉത്തരം കിട്ടേണ്ട ചോദ്യമാണ്.

8. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അസംഘടിത തൊഴിൽമേഖലയെ പരിഗണിക്കുന്നതായിട്ടു പോലും പ്രവൃത്തികളിൽ കാണുന്നില്ല. ബജറ്റവതരണങ്ങളിൽ ഇവിടുത്തെ ഈ ദരിദ്രവിഭാഗം അവഗണിക്കപ്പെടുന്നു. അവരുമായി ബജറ്റിനു മുമ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ചയും നടത്തുന്നതായി കാണുന്നുമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വൻകിട വ്യവസായികൾക്കും ശതകോടിക്കണക്കിന് ഇളവും പ്രോത്സാഹനവും നൽകുന്നു. ഇതിനായി ബജറ്റ് വിഹിതത്തിന്റെ നല്ലൊരു പങ്ക് മാറ്റി വെക്കുമ്പോൾ അസംഘടിത മേഖലക്ക് കാര്യമായൊന്നും നീക്കിവയ്ക്കുന്നില്ല. അഥവാ നീക്കിവയ്ക്കപ്പെട്ട ചെറു വിഹിതം പോലും വിനിയോഗിക്കപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ അത്താഴപ്പട്ടിണിക്കാരന്റെ വായ്പാകുടിശ്ശിക ഈടാക്കാൻ ജപ്തിയും ജയിലിലടയ്ക്കലും നടപ്പാക്കുമ്പോൾ വൻകിടക്കാർ വരുത്തിയിട്ടുള്ള കോടികൾ എഴുതിതള്ളുന്നു. ജനപ്രതിനിധികൾ തങ്ങളുടെയും, ഉദ്യോഗസ്ഥ വിഭാഗത്തിന്റെയും സേവന വേതന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുമ്പോൾ തുച്ഛമായ സാമൂഹിക പെൻഷനുകളും ക്ഷേമനിധി സഹായങ്ങളും നൽകാതിരിക്കുകയും, ഉണ്ടായിരുന്ന പദ്ധതികൾ പോലും വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. മാത്രമല്ല ഇവയെക്കുറിച്ച് ശ്രദ്ധയിൽ പെടുത്തിയാൽ പോലും നിയമസഭയിലോ പാർലമെന്റിലോ ഇത് ഉന്നയിക്കാൻ എം.എൽ.എ. മാരും എം.പി. മാരും തയ്യാറാകുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് വിശദമായ വിശകലനം നടത്തി മാത്രമേ തൊഴിലാളികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ പാടുള്ളൂ. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷയും മനുഷ്യോചിതമായ ജീവിതസാഹചര്യവും ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളും വികസനത്തിന്റെ മുഖ്യ പങ്കു കൈപ്പററുന്നവരുമാണ്. ഭരണാധികാരികളുടെയും കക്ഷിരാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗ

സ്ഥ വിഭാഗങ്ങളുടെയും നിരുത്തരവാദിത്വവും അഴിമതിയും പ്രതിജ്ഞാബദ്ധതയില്ലായ്മയും തിരുത്തി അവരുടെ പ്രവൃത്തികൾ കൂടുതൽ കരുണാർദ്രമായി മാറേണ്ടതുണ്ട്.

9. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനുകൾക്കനുസരിച്ചാണു നമ്മുടെ രാജ്യത്തും തൊഴിൽ നിയമങ്ങൾക്കു രൂപം കൊടുത്തിട്ടുള്ളത്. പാർലിമെന്റ് പാസ്സാക്കിയ തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാനും നിരാകരിക്കാനും തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷയും നിഷേധിക്കാനുമുള്ള പ്രവണത അടുത്ത കാലത്ത് ശക്തമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനും തിരുത്താനുമുള്ള ഫലപ്രദമായ നടപടികൾ ഒത്തൊരുമയോടെ കേന്ദ്ര ട്രേഡ്യൂണിയനുകളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ താത്പര്യങ്ങളേക്കാൾ ഉപരിയായ കക്ഷിരാഷ്ട്രീയ വിധേയത്വമാണ് ഇന്നു തൊഴിലാളിയൂണിയനുകൾ നേരിടുന്ന ഏററവും വലിയ പ്രതിസന്ധി. തൊഴിൽ സേനയിലെ സിംഹഭാഗം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനു കേന്ദ്ര ട്രേഡ്യൂണിയനുകൾ നാളിതുവരെയായി ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടില്ലെന്ന കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേന്ദ്ര ട്രേഡ്യൂണിയനുകൾ രാഷ്ട്രീയ വിധേയത്വം പ്രകടിപ്പിക്കാനുള്ള മത്സരമൊഴിവാക്കി പാർശ്വവൽക്കരിക്കപ്പെട്ടുപോയ അസംഘടിത മേഖലയോട് പക്ഷം ചേർന്നെങ്കിലേ സാമൂഹ്യനീതി നടപ്പിലാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയുള്ളൂ.

10. അസംഘടിത തൊഴിലാളികളുടെ പക്ഷം ചേർന്ന് തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, കുടുംബസുരക്ഷ, തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് സഭാത്മകദൗത്യം ഏൽപിക്കപ്പെട്ടിരിക്കുന്ന തൊഴിൽകാര്യ കമ്മീഷന്റെ ഉത്തരവാദിത്വം.

11. തൊഴിലാളികളോട് നീതിപൂർവകമായ സമീപനം സഭയ്ക്കുള്ളിൽതന്നെ ഉണ്ടാകേണ്ടതുണ്ട്. സഭാസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, നഴ്സുമാർ ഉൾപ്പടെയുള്ള ആശുപത്രി ജീവനക്കാർ, സാമൂഹികസേവന മേഖലയിലെ ജീവനക്കാർ എന്നിങ്ങനെയുള്ള എല്ലാ വിഭാഗം ജീവനക്കാരോടും സഭാശുശ്രൂഷകളിൽ ഏർപെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റെയും ഭരണരാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങളുടെതുമായ നിരുത്തരവാദിത്വത്തിനെതിരേ പ്രതികരിക്കാനുള്ള ധാർമ്മിക ശക്തി ഉണ്ടാകുകയുള്ളൂ എന്ന് ഈ മേഖലകളിൽ നേതൃത്വം നൽകുന്നവരുടെ മനസ്സിലുണ്ടാകണം. ഫ്രാൻസീസ് പാപ്പ നിരന്തരം പറയുന്നതും പ്രവർത്തിക്കുന്നതും ഇതാണ്. പാപ്പായുടെ ആഹ്വാനങ്ങൾ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉദ്ധരിക്കാൻ മാത്രമുള്ളതായി ചുരുങ്ങിപ്പോകരുത്. കേരള കത്തോലിക്കാ സഭയിൽ രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ

ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ കൾ ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്ന തിനും വേണ്ടി മെത്രാൻ സമിതി പീപ്പിൾ മാനേജ്മെന്റ് പോളിസി 2013, ഒക്ടോബറിൽ പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തെ നിയമങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാന ത്തിലാണ് ഈ നയം തയ്യാറാക്കിയിട്ടുള്ളത്. ഈ കാരുണ്യവർഷത്തിൽ തന്നെ എല്ലാ സ്ഥാപനങ്ങളിലും ഈ നയം നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ നൽകണ മെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ തൊഴിൽകാര്യകമ്മീഷൻ നൽ കാൻ തയ്യാറാണ്.

12. കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗിക സാമൂഹിക സന്നദ്ധ സംഘ ടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ.എൽ.എം.). സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (വിഫ്) കേരള ഘടകമാണ് ഈ പ്രസ്ഥാനം. നിർമ്മാണത്തൊലാളി ഫോറം, തയ്യൽ തൊഴി ലാളി ഫോറം, ഗാർഹിക തൊഴിലാളി ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, കർഷക തൊഴിലാളി ഫോറം, മോട്ടോർ വാഹന തൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, പീടികത്തൊഴിലാളി ഫോറം തുടങ്ങിയ എട്ട് ഫോറ ങ്ങളിലൂടെ അസംഘടിത തൊഴിലാളികളെ കെ.എൽ.എം. സംഘടിപ്പിച്ചു വരുന്നു. സർക്കാർ ക്ഷേമനിധികൾ സാമൂഹിക സുരക്ഷാപദ്ധതികൾ, തൊഴിൽ വൈദഗ്ധ്യപരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവയിലൂടെ ജാതി മത ഭേദമി ല്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണമാണ് കെ.എൽ.എം. ലക്ഷ്യം വെച്ചിട്ടുള്ളത്. കൂടാതെ സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂഷികളുടെയും സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കാനും, പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും ഒത്താശകളും നൽകാനും കെ.എൽ.എം നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്.

13. കേരളത്തിലെ എല്ലാ രൂപതകളിലും ഇതിനോടകം കെ.എൽ. എം–ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ചില രൂപതകളിൽ ഇനിയും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. എല്ലാ ഇടവകകളിലും പ്രവർത്തനങ്ങൾ വ്യാപി പ്പിക്കാൻ സാധിച്ചിട്ടുമില്ല. അതിനാൽ എല്ലാ രൂപതകളും, ഇടവകകളും ഇക്കാ ര്യത്തിൽ ആത്മാർഥമായ സഹകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിലാളിദിന ആചരണത്തോട് അനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലികളും സെമിനാറുകളും നടത്തുന്നത് ഉചിതമാണ്. എല്ലാ തൊഴിലാളികളെയും മെഡിക്ലെയിം ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ അംഗങ്ങളാക്കാനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണം. എല്ലാ ഇടവകകളിലും കെ. എൽ. എം.– ന്റെ നേതൃത്വത്തിൽ ലേബർ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നത് നല്ലതാണ്.

14. തങ്ങളുടെ അദ്ധ്വാനത്തിലൂടെയാണ് കുടുംബവും, രാഷ്ട്രവും, സമൂഹവും പുരോഗമിക്കുന്നത് എന്ന തിരിച്ചറിവിലൂടെ അലസതയകറ്റി, ഉത്തരവാദിത്വ ത്തോടെയും സത്യസന്ധതയോടെയും തൊഴിലിൽ ഏർപ്പെടണമെന്ന് എല്ലാ തൊഴിലാളികളെയും ഓർമ്മിപ്പിക്കുന്നു. കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നല്ല ഉത്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിച്ച് കമ്പോളത്തിൽ ഇറക്കിയാൽ മാത്രമേ ഇന്നത്തെ ആഗോള സമ്പദ്വ്യവസ്ഥയിൽ നമുക്ക് മുന്നേറാൻ കഴിയുകയുള്ളുവെന്ന വസ്തുത എല്ലാ തൊഴിലാളികളു ടെയും മനസ്സിലുണ്ടാകണം. മറ്റു രാജ്യങ്ങളിൽനിന്നു ഗുണമേൻമയുള്ള ഉത്പന്നങ്ങൾ ആഗോളമാർക്കറ്റിൽ വരുമ്പോൾ ഗുണമേൻമ കുറവും വില കൂടുതലുമായ നമ്മുടെ ഉത്പന്നങ്ങൾ വാങ്ങാൻ ആരും ഉണ്ടാകുകയില്ല എന്നത് സ്വാഭാവികം. പല അന്താരാഷ്ട്ര കരാറുകളിലും ഒപ്പിട്ടിട്ടുള്ള ഇന്ത്യക്ക് മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ കുത്തൊഴുക്കിനെ തടയുന്നതിനും പരിമിതികളുണ്ട് എന്നതും നമ്മൾ അറിയേണ്ടതുണ്ട്. ആ കരാറുകളിൽനിന്നു നമ്മൾ പിൻമാറിയാൽ മറ്റു രാജ്യങ്ങൾ നമ്മുടെ ഉത്പന്നങ്ങൾ ബഹിഷ്കരിക്കും എന്നതും വസ്തുതയാണ്. ചുരുക്കത്തിൽ നമ്മൾ ആഗോള കമ്പോളത്തിൽ മൽസരിക്കാൻ പ്രാപ്തരാകണം എന്നർത്ഥം. ഇതെല്ലാം പ്രായോഗികമാകണ മെങ്കിൽ തൊഴിലാളികൾ കൂടുതൽ കൂടുതൽ അറിവും കഴിവും നേടുകയും ആഗോളമാറ്റങ്ങൾക്കനുസരിച്ച് മാറാൻ തയ്യാറാകുകയും വേണം. അതുപോലെ മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് സമ്പാദ്യശീലം വളർത്തുകയും വേണം.

15. തൊഴിലാളി ശുശ്രൂഷാരംഗത്ത് കരുണാപൂർവകമായ നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധതയോടെ കൂടുതൽ സമർപ്പിതർ മുന്നോട്ട് വരുവാൻ ആഹ്വാനം ചെയ്യുന്നു. കരുണയുടെ ഈ മഹാജൂബിലിവർഷത്തിൽ നീതി നടപ്പാക്കുന്ന സാമൂഹിക ജീവിതവും തൊഴിൽസംസ്കാരവും പടുത്തുയർത്താൻ നമുക്ക് ശ്രമിക്കാം. അതിനായി നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. തൊഴി ലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ അനുഗ്രഹവും, തൊഴിലാളിദിനത്തിന്റെ ആശംസകളും, പ്രാർത്ഥനകളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാ മെത്രാൻസമിതി പ്രസിദ്ധീകരിക്കുന്ന പ്രസ്താവന

കേരള ജനത ഒരു പൊതു തെരഞ്ഞെടുപ്പിന് തയ്യാറെടുക്കുന്നു. ജനങ്ങളും ജനപ്രതിനിധി കളാകുവാൻ ആഗ്രഹിക്കുന്നവരും വിവിധ രാഷ്ട്രീയ പാർട്ടികളും ഈ തയ്യാറെടുപ്പിലാണ്. ജനാധിപത്യസംവിധാനത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അനിവാര്യമായ പ്രക്രിയയാണ് പൊതുതിരഞ്ഞെടുപ്പുകൾ. അവ രാജ്യഭരണത്തിന് ഉത്തമ രാഷ്ട്രീയ നേതാക്കളെ തിരഞ്ഞെടുക്കാനുള്ള അവസരം പൗരന്മാർക്ക് നല്കുന്നു. ഈ പ്രക്രിയയിൽ ഉത്തരവാദിത്വപൂർണമായി പങ്കുചേരാൻ എല്ലാവർക്കും കടമയുണ്ട്.

കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ കത്തോലിക്കാസഭ എക്കാലവും സജീവമായും ക്രിയാത്മകമായും ഇടപെട്ടിട്ടുണ്ട്. കേരളം ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന ഈ ഘട്ടത്തിൽ ഓരോ പൗരനും തന്റെ പൗരാവകാശം ഉത്തരവാദിത്വപൂർണമായി ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. വോട്ടേഴ്സ് ലിസ്റ്റിൽ തങ്ങളുടെ പേരുണ്ടെന്ന് ഉറപ്പുവരുത്തിയാൽ മാത്രം പോരാ, ജാഗ്രതയോടും വിവേകത്തോടും കൂടി സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും കെ.സി.ബി.സി. ആഗ്രഹിക്കുന്നു. ഈ വരുന്ന തിരഞ്ഞെടുപ്പിൽ ഏവരുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ട ചില അടിസ്ഥാന വിഷയങ്ങൾ വിചിന്തനം ചെയ്യാനും, അവയോടുള്ള കേരള കത്തോലിക്കാസഭയുടെ നിലപാടു വ്യക്തമാക്കാനുമാണ് ഈ പ്രസ്താവനയിലൂടെ ഞങ്ങൾ ആഗ്രഹിക്കുന്നത്.

**1. സമഭാവന:** ബഹുസ്വരതയാണ് ഭാരതസംസ്കാരത്തിന്റെ അന്തർധാര. നാനാത്വത്തിൽ ഏകത്വമെന്ന ശ്രേഷ്ഠമായ ഈ സംസ്കൃതി സംരക്ഷിക്കപ്പെടേണ്ടത് കേരളത്തിന്റെയും ആവശ്യമാണ്. ഒരു പ്രത്യേക സംസ്കാരത്തിന്റെയോ മതത്തിന്റെയോ രീതികൾ എല്ലാവരുടെയും മേൽ അടിച്ചേല്പിക്കുന്നത് ഏകസ്വരാധിപത്യമായി മാറും. ഈ മേഖലയിൽ, അടുത്തകാലത്തായി നടക്കുന്ന ചില ദുഷ്പ്രവണതകൾ ചൂണ്ടിക്കാട്ടാതിരിക്കാനാവില്ല. സാമുദായിക വികാരങ്ങൾ ഉണർത്തിവിട്ട് ജനങ്ങൾ തമ്മിൽ അകൽച്ചയും ശത്രുതയും സൃഷ്ടിക്കുന്ന പ്രവണത കൂടിവരുകയാണ്. വർഗീയ ധ്രുവീകരണങ്ങളിലൂടെ ജാതിമതവിഭാഗങ്ങളെ ഭിന്നിപ്പിച്ച് അധികാരത്തിൽ കയറാൻ ശ്രമിക്കുന്നവരെ പിന്തുണയ്ക്കുന്നത് അപകടകരമായിരിക്കും.

മതസമഭാവനപോലെ പ്രധാനമാണ് ആദർശധാരകളുടെ സഹിഷ്ണുതയും. ഓരോ വ്യക്തിക്കും സ്വന്തമായുള്ള കാഴ്ചപ്പാടുകളും ആശയങ്ങളും പറയാനും പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നല്കു

ന്നുണ്ട്. ആയതിനാൽ സർവാധിപത്യ പ്രവണതയുള്ള രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും ഒഴിവാക്കപ്പെടേണ്ടതാണ്. സംഭാഷണത്തിന്റെയും സംവാദത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുകയും തർക്കവിഷയങ്ങളിൽ മുൻവിധിയില്ലാതെ ആദരപൂർവകമായ ആശയവിനിമയം നടത്തുകയും ചെയ്യുന്നവരാണ് ഭരണത്തിൽ എത്തേണ്ടത്.

**2. വികസനം:** വികസനമെന്നാൽ ഏതാനും കുറച്ചുപേരുടെ മാത്രം പുരോഗതിയല്ല. മറിച്ച് വരുംതലമുറകൾ ഉൾപ്പെടെ എല്ലാവരെയും ഉൾക്കൊള്ളുന്ന സമഗ്രതയുള്ള പുരോഗമന കാഴ്ചപ്പാടാണ് യഥാർത്ഥ വികസനത്തിനാവശ്യം. പാർശ്വവത്കരിക്കപ്പെട്ടവർക്കും അവശതയനുഭവിക്കുന്നവർക്കും കൂടി പ്രയോജനകരമായിത്തീരുന്ന പദ്ധതികളാണു വേണ്ടത്. കുടിവെള്ളം, പാർപ്പിടം, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, ഗതാഗതം മുതലായ അടിസ്ഥാന മേഖലകൾക്കു ലഭിക്കേണ്ട മുൻഗണന വികസനത്തിന്റെ വേലിയേറ്റത്തിൽ നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തണം. വികസനത്തെ പിറകോട്ടടിക്കുന്ന തിന്മകളാണ് അഴിമതിയും സ്വജനപക്ഷപാതവും. വ്യക്തിതാത്പര്യങ്ങൾക്കും പാർട്ടി താത്പര്യങ്ങൾക്കും അതീതമായി എല്ലാവരുടെയും അവകാശങ്ങൾ നീതിപൂർവം കാത്തുസംരക്ഷിക്കുന്നവരെയും സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നവരെയും വിജയിപ്പിക്കാൻ ഏവർക്കും കടമയുണ്ട്.

**3. നിയമസംവിധാനത്തോടുള്ള ബഹുമാനം:** ജനപ്രതിനിധികൾ ഭരണഘടനയെയും നിയമസംവിധാനത്തെയും ബഹുമാനിക്കുന്നവരായിരിക്കണം. അക്രമരാഷ്ട്രീയവും നിയമവിരുദ്ധമായ അടിച്ചേല്പിക്കലുകളും ഒരിക്കലും ഉണ്ടാകാനിടവരരുത്. കോടതിയുടെ വിശ്വാസ്യത തകർക്കുന്നതും ഭരണഘടനയുടെ പ്രഥമസ്ഥാനം നിഷേധിക്കുന്നതുമായ സമീപനങ്ങൾ കൈക്കൊള്ളുന്നവർക്കെതിരേ ജാഗ്രത പുലർത്തണം. തങ്ങളുടെ ആദർശങ്ങളെ അനുകൂലിക്കാത്തവരെയും എതിരഭിപ്രായം പറയുന്നവരെയും അക്രമത്തിലൂടെ ഇല്ലായ്മ ചെയ്യുന്ന സമീപനം യാതൊരു വിധത്തിലും പ്രോത്സാഹിപ്പിക്കാൻ പാടില്ല. അക്രമരാഷ്ട്രീയം സമാധാനജീവിതത്തിനും വ്യക്തികളുടെയും സമൂഹത്തിന്റെയും ജീവനും സ്വത്തിനും ഭീഷണിയുമാണ്. പ്രബുദ്ധമായ കേരളീയ സമൂഹത്തിനു ചേരാത്ത ഇത്തരം പ്രവണത സമൂഹം തിരസ്കരിക്കുക തന്നെ വേണം.

**4. പരിസ്ഥിതിയും കാർഷികമേഖലയും:** പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുകയും കൃഷിയെയും കൃഷിക്കാരെയും ആദരിക്കുകയും ചെയ്യുന്ന ഭരണനേതൃത്വമാണ് നമുക്കിന്ന് അത്യാവശ്യം. പ്രകൃതി വിഭവങ്ങൾ നമുക്കു മാത്രമല്ല, വരുംതലമുറയ്ക്കുകൂടി അവകാശപ്പെട്ടതാണ്. അത് അമിതമായും, നിയമവിരുദ്ധമായും ചൂഷണം ചെയ്യാൻ പാടില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൂവായിരത്തോളം അനധികൃത ക്വാറികളുടെ

പ്രവർത്തനം നിയമാനുസൃതം നിയന്ത്രിക്കാൻ ഇതുവരെ നടപടിയുണ്ടായിട്ടില്ല. പൊതുസ്വത്തായ കടലും കായലും മാത്രമല്ല സർക്കാരിന്റെ അധീനതയിലുള്ള കരഭൂമിയും, അധികാരവും സ്വാധീനവുമുള്ളവർക്ക് പതിച്ചു നല്കുകയും കർഷകർക്ക് തന്റെ കൃഷിഭൂമിയിലുള്ള അവകാശം നിഷേധിക്കുകയും ചെയ്യുന്ന വൈരുധ്യത്തിന് അറുതിയുണ്ടാകണം. സർക്കാരും ജനപ്രതിനിധികളും നയങ്ങൾക്ക് രൂപം നല്കുമ്പോൾ ഇക്കാര്യങ്ങളിൽ വ്യക്തത വേണം. ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കാൻ ഇഛാശക്തിയുള്ളവരെയാണ് നമ്മൾ വിജയിപ്പിക്കേണ്ടത്.

പരിസ്ഥിതിയോടൊപ്പം ഭരണാധികാരികളുടെ പ്രഥമ പരിഗണന ലഭിക്കേണ്ട തലമാണ് നാടിന്റെ നട്ടെല്ലായ കാർഷികമേഖല. കർഷകന് കൃഷിയിലൂടെ മാന്യമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാതെ മലയാളിയുടെ ആരോഗ്യവും ഭാവിയും ശോഭനമാവുകയില്ല. കാർഷിക വിളകളുടെ വിലക്കുറവ്, പട്ടയം മുതലായ വിഷയങ്ങളിൽ വ്യക്തമായ നയങ്ങളുള്ളവരാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. കാർഷികമേഖലയെ അവഗണിക്കുന്ന കക്ഷികളും സ്ഥാനാർത്ഥികളും ജനപിന്തുണ അർഹിക്കുന്നില്ല. പാർട്ടികൾ കാർഷിക നയം വ്യക്തമാക്കണം.

**5. ധാർമ്മികത:** സാമ്പത്തിക നിലവാരത്തോടൊപ്പം സമൂഹത്തിന്റെ ധാർമ്മിക നിലവാരത്തിനും ഊന്നൽ നല്കണം. വ്യക്തികളെയും കുടുംബങ്ങളെയും സമൂഹം മുഴുവനെയും ധാർമ്മികതയിലും നന്മയിലും വളർത്തുന്ന നയപരിപാടികൾ ആവിഷ്കരിക്കാൻ ജനപ്രതിനിധികൾക്ക് കഴിയണം. മദ്യം, മയക്കുമരുന്ന്, കള്ളക്കടത്ത്, ഭീകരപ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരേ ശക്തമായ തീരുമാനങ്ങളെടുക്കുന്നവരെയാണ് നമുക്കാവശ്യം. മദ്യത്തെക്കുറിച്ചുള്ള വിവാദങ്ങളേക്കാൾ ഇന്നാവശ്യം ധിഷണാശക്തിയുള്ള ഭരണപാടവമാണ്. മദ്യം നമ്മുടെ സമൂഹത്തിന് ഗുണം ചെയ്യുന്നില്ലായെന്ന് ബോധ്യമുണ്ടെങ്കിൽ ബാക്കി നടപടികൾ എളുപ്പം.

ഇടതു, വലതു മുന്നണികളുടെ മദ്യനയത്തിലുള്ള അവ്യക്തത പരിഹരിക്കപ്പെടണം. യുഡിഎഫിന് വ്യക്തമായ ഒരു മദ്യനയമുണ്ട് എന്നാൽ അതിന്റെ ഉദ്ദേശശുദ്ധി മദ്യനിയന്ത്രണപരിപാടികളിലൂടെ സമയബന്ധിതമായി തെളിയിക്കപ്പെടണം. എൽഡിഎഫ് മുന്നോട്ടുവയ്ക്കുന്ന മദ്യനിയന്ത്രണ പരിപാടികൾ അഭിനന്ദനാർഹമാണ്. എന്നാൽ അവയ്ക്ക് വ്യക്തമായ ഒരു നയത്തിന്റെ പിൻതുണയില്ല എന്ന പരിമിതിയുണ്ട്. മദ്യവിമുക്തമായ ഒരു സമൂഹനിർമ്മിതിക്ക് രണ്ടു മുന്നണികളുടെയും നയപരിപാടികളിൽ വ്യക്തതയും ആത്മാർത്ഥതയും ഉണ്ടാകണം.

മദ്യത്തിന്റെ ഉല്പാദനവും വിതരണവും ലഭ്യതയും ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ തെരഞ്ഞെടു

ക്കപ്പെടണം. മദ്യത്തിനു പകരം മയക്കുമരുന്നിലേക്ക് പോകുന്നതും അത് കുട്ടികളിലേക്ക് വ്യാപിക്കാതിരിക്കുന്നതിനുമുള്ള മുൻകരുതലും ഉറപ്പും ഭരണനേതത്വം നൽകണം. അതിന് ഇശ്ചാശക്തിയുള്ളവരെ ജനങ്ങൾ തിരിച്ചറിയണം. സാമൂഹികതിന്മകൾ അനുദിനം വർധിച്ചുവരുന്നത് നിയമമില്ലാത്തതുകൊണ്ടല്ല, ഉത്തരവാദിത്വപ്പെട്ടവർ നിഷ്ക്രിയത്വം പുലർത്തുന്നതിനാലും ശക്തമായ നിയമനടപടി സ്വീകരിക്കാൻ ധൈര്യം കാണിക്കാത്തതുകൊണ്ടുമാണ്.

മതത്തിന്റെയും പ്രത്യയശാസ്ത്രങ്ങളുടെയും ദുരുപയോഗം, മൗലികവാദത്തിലേക്കും ഭീകരപ്രവർത്തനങ്ങളിലേക്കും വഴിതുറക്കുമെന്നതിനാൽ, ജനങ്ങൾ അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ട കാലമാണിത്. സാമൂഹ്യ വിപത്തുകൾ ഒന്ന് മറ്റൊന്നിനെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ പരസ്പരം ബന്ധപ്പെട്ട കണ്ണികളാണെന്നത് ഇവയുടെ ശക്തി വർധിപ്പിക്കുന്നു. ഈ സാമൂഹ്യതിന്മകൾക്കെതിരേ പോരാടാൻ പ്രാപ്തിയുള്ള ഒരു ഭരണകൂടത്തെയാണ് കേരള ജനതയ്ക്കാവശ്യം.

കേരളത്തെ ബാധിച്ചിരിക്കുന്ന അഴിമതി, സ്വജനപക്ഷപാതം ഇവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. അഴിമതി കാട്ടുന്നവർ ഒരു ജനതയുടെ പൊതുസമ്പത്ത് തുരന്ന് മോഷ്ടിക്കുക യാണെന്നുള്ള ബോധ്യം ജനങ്ങൾക്കുണ്ടാകണം. ഇഷ്ടപ്പെട്ടവരാണെങ്കിലും അഴിമതി കാണിച്ചാൽ അത് മൂടിവയ്ക്കാതെ നിയമത്തിനുമുമ്പിൽ എത്തിക്കേണ്ടത് ഭരണാധികാരികളുടെ കടമയാണ്. അഴിമതി ആരു ചെയ്താലും അത് നാടിനാപത്താണ് എന്ന് പൊതുസമൂഹം തിരിച്ചറിയുകയും പ്രതികരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

**6. ന്യൂനപക്ഷ സംരക്ഷണം:** ഭൂരിപക്ഷാധിപത്യമല്ല ജനാധിപത്യം. ന്യൂനപക്ഷങ്ങളെ സമത്വബോധത്തോടെ അംഗീകരിക്കുമ്പോൾ മാത്രമേ ജനാധിപത്യമുണ്ടാകൂ. എല്ലാ മതത്തിലുമുള്ള ചെറിയ വിഭാഗങ്ങൾക്കും മാന്യമായി ഈ നാട്ടിൽ ജീവിക്കാമെന്ന് ഉറപ്പുവരുത്തുവാൻ ഭരണത്തിലിരിക്കുന്നവർക്ക് കടമയുണ്ട്. ഈ ചെറുവിഭാഗങ്ങൾക്ക് അർഹമായ നീതി കാലതാമസം വരുത്താതെ നടപ്പിലാക്കി കൊടുക്കണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലെയും ദുർബലർ ഭരണത്തിലിരിക്കുന്നവരുടെ ദയയും നീതിയും അർഹിക്കുന്നവരാണ്. ഇത് നടപ്പാകണം. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതിന്റെ പേരിൽ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ട ദളിത് ക്രിസ്ത്യൻ, നാടാർ ക്രിസ്ത്യൻ മുതലായ വിഭാഗങ്ങൾക്ക് അനുഭാവപൂർണമായ പരിഗണന ലഭിക്കേണ്ടതാണ്. അവരോടുള്ള വിവേചനം അവസാനിപ്പിക്കുകയും അവർക്കു നീതി ഉറപ്പാക്കുകയും വേണം. അതുപോലെതന്നെ, ഭരണകർത്താക്കളുടെ ശ്രദ്ധ പതിയേണ്ടതാണ് മത്സ്യത്തൊഴിലാളി മേഖലയും കുടിൽ വ്യവസായ മേഖലയും. അവർക്ക് ആവശ്യമായ സാമ്പത്തി

കവും വിദ്യാഭ്യാസപരവുമായ ആനുകൂല്യങ്ങളും സംവരണവും ലഭ്യമാക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് സാധിക്കണം.

ഭരണഘടന ഉറപ്പുനല്കുന്ന മനുഷ്യാവകാശങ്ങളുടെ ഭാഗം തന്നെയാണ് ന്യൂനപക്ഷ അവകാശങ്ങൾ. വിദ്യാഭ്യാസമേഖലയിൽ ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ സർക്കാരുകൾ ഇന്നും അലംഭാവം കാണിക്കുകയാണ്. 2011 മുതൽ ശമ്പളം ഇല്ലാതെ ജോലി ചെയ്യുന്ന മൂവായിരത്തിലധികം എയിഡഡ് സ്കൂൾ അധ്യാപകരുടെ നിയമനത്തിന് ഹൈക്കോടതിയുടെ അനുകൂലമായ വിധി ഉണ്ടായിട്ടും വേണ്ടപ്പെട്ടവർ സമയോചിതമായ നടപടി സ്വീകരിക്കാത്തത് അപലപനീയമാണ്.

**7. ആദിവാസി–തോട്ടം തൊഴിലാളി സംരക്ഷണം:** ചൂഷണവും കുറ്റകരമായ അനാസ്ഥയും നിലനിൽക്കുന്ന രണ്ടു മേഖലകളാണ് ആദിവാസി ക്ഷേമവും തോട്ടം തൊഴിലാളികളുടെ മനുഷ്യാവകാശ സംരക്ഷണവും. ഈ രണ്ടു മേഖലകളിലും തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ കൂട്ടായ ശ്രദ്ധയും അധികാരത്തിൽ വരുന്ന സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുമുണ്ടാകണം.

ചുരുക്കത്തിൽ, ഭരിക്കാനുള്ള പാർട്ടിയെ തിരഞ്ഞെടുക്കുമ്പോൾ പാർട്ടികളുടേതെന്നപോലെ സ്ഥാനാർത്ഥികളുടെ രാഷ്ട്രീയ, ധാർമ്മിക നിലപാടുകളും സ്വഭാവശുദ്ധിയും പൊതുനന്മയിലുള്ള താത്പര്യവും തിരഞ്ഞെടുപ്പിൽ പ്രധാന മാനദണ്ഡമായിരിക്കണമെന്ന് കെസിബിസി ആഗ്രഹിക്കുന്നു. കേരളത്തെ ശക്തവും ധാർമ്മികവും സമ്പന്നവുമായ സംസ്ഥാനമാക്കാൻ ആവശ്യമായ കഴിവും അർപ്പണബോധവും നിശ്ചയദാർഢ്യവും ഉള്ള സ്ഥാനാർത്ഥികളെയും പാർട്ടികളെയും തിരഞ്ഞെടുക്കാൻ ഈ മാനദണ്ഡങ്ങൾ ഏവർക്കും ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്ക ബാവ**

പ്രസിഡന്റ്, കെസിബിസി

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
**ബിഷപ്പ് ജോസഫ് കരിയിൽ**

വൈസ് പ്രസിഡന്റ്, കെസിബിസി,
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

## ae¦c kpdnbm\n It¯men¡m k`

## 2016þ se AÂamb Zn\t¯mS\p_Ôn¨v,
## AÂambÀ¡pthnbpÅ kp¶l tZmk l½oj³ sNbÀam³

## അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ
## ]pds¸Sphn¡p¶ kÀ¡peÀ

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭ അൽമായ ദിനം ഈ വർഷം ആചരിക്കുന്നത് തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവിന്റെ തിരുനാൾ ദിനമായ മെയ് 1-നാണ്. സാർവ്വദേശീയ തൊഴിലാളി ദിനത്തിന്റെയും അൽമായ ദിനത്തിന്റെയും സവിശേഷമായ പ്രാർത്ഥനാശംസകൾ എല്ലാ അൽമായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു.

മിശിഹായുടെ കരം പിടിച്ചുകൊണ്ട് ലോകത്തിലായിരിക്കുക, അവിടെ സുവിശേഷ സാക്ഷ്യത്തിന്റെ വെളിച്ചം പകരുക എന്നതാണ് അൽമായരുടെ പ്രത്യേക ദൗത്യം. തിരുസഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യുഷൻ 2,4 അധ്യായങ്ങൾ, അൽമായ പ്രേഷിതത്വം, സഭ ആധുനിക ലോകത്തിൽ, എക്യുമെനിസം, ആരാധനക്രമം, പ്രേഷിത പ്രവർത്തനം, എന്നീ പ്രമാണ രേഖകളിലൂടെ അൽമായരുടെ വിളിയെയും ദൗത്യത്തെയും കുറിച്ച് തിരുസഭാമാതാവ് നമ്മെ പഠിപ്പിക്കുന്നു. മിശിഹായുടെ മൗതിക ശരീരത്തിലെ സജീവാംഗമായി നിലനിന്നുകൊണ്ട് ലോകത്തിലെ വിവിധ സംസ്ക്കാരങ്ങളിലും വൈവിധ്യമാർന്ന പ്രവർത്തന രംഗങ്ങളിലും മിശിഹായുടെ പ്രകാശം ചൊരിയുക എന്നതാണ് അൽമായ ദൗത്യങ്ങളിൽ പ്രധാനപ്പെട്ടത് (അൽമായ പ്രേഷിതത്വം 7). ആരാധനക്രമത്തിലുള്ള സജീവ ഭാഗഭാഗിത്വത്തിൽ പരിപുഷ്ടമാക്കപ്പെട്ടും (അൽമായ പ്രേഷിതത്വം 4), സ്വന്തം ഇടവകയോടും ഭദ്രാസനത്തോടും ചേർന്നുമാണ് (അൽമായ പ്രേഷിതത്വം 10) ഈ ദൗത്യം നിർവ്വഹിക്കാൻ അൽമായർ പ്രാപ്തരാകേണ്ടതെന്ന് കൗൺസിൽ പഠിപ്പിക്കുന്നു. ഇടവകയുടെ എല്ലാ പ്രേഷിത പ്രവർത്തനങ്ങളിലും സഹകരിക്കാനും (അൽമായ പ്രേഷിതത്വം 10), വൈദികർ ചെന്നെത്താൻ കഴിയാത്ത രംഗങ്ങളിലൊക്കെ മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാനും (തിരുസഭ 33) അൽമായർക്ക് സാധിക്കണം.

വിവിധങ്ങളായ ശുശ്രൂഷകൾ അൽമായർ നിർവ്വഹിക്കുന്നത് ഒറ്റ തിരിഞ്ഞോ സഭാ ജീവിതത്തിൽ നിന്ന് അകന്നുമാറിയോ ആയിരിക്കരുതെന്ന് തിരുസഭ നിഷ്കർഷിക്കുന്നുണ്ട്. അതേ സമയം തന്നെ, സഭയെ സംബന്ധിച്ച് കാര്യക്ഷമവും പക്വവുമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാൻ അൽമായ സഹോദരങ്ങൾക്ക് കടമയും അവകാശവുമുണ്ട്. പക്ഷെ, അത് നിർവ്വഹിക്കേണ്ടത് അതിനുള്ള അവസരങ്ങൾ സംജാതമാകുമ്പോൾ, സഭ നിശ്ചയിക്കുന്ന മാർഗ്ഗങ്ങളിൽ കൂടിയായിരിക്കണമെന്ന് മാത്രം (തിരുസഭ 37). മിശിഹായുടെ പ്രതിപുരുഷന്മാരും സഭയിലെ ഉപദേഷ്ടാക്കളും ഭരണ കർത്താക്കളുമെന്ന നിലയ്ക്ക് അജപാലകർ നിശ്ചയിക്കുന്നതെല്ലാം, ക്രിസ്തീയമായ അനുസരണത്തോടെ അൽമായരും മറ്റെല്ലാ വിശ്വാസികളെപോലെതന്നെ സോത്സാഹം സ്വീകരിക്കണം (തിരുസഭ 37). സഭയുടെ മടിത്തട്ടിൽ ആന്തരികമായി വസിക്കാതെ ബാഹ്യമാത്രമായി കഴിഞ്ഞു കൂടുന്നവരും (തിരുസഭ 14), സഭയുടെ നൈയ്യാമിക അധികാരികൾ അംഗികരിക്കാത്ത പ്രസ്ഥാനങ്ങളിൽ നിലനില്ക്കുന്നവരും തങ്ങളുടെ ദൗത്യത്തിൽനിന്ന് വളരെയേറെ ദൂരെയാണ് കഴിഞ്ഞുകൂടുന്നത്. കൗൺസിൽ പ്രബോധനങ്ങളുടെ വീക്ഷണത്തിൽ ഭാവാത്മകമായ അൽമായ ശുശ്രൂഷ ഇന്ന് സഭാ മണ്ഡലങ്ങളിലും സാമൂഹ്യ മണ്ഡലങ്ങളിലും സംലഭ്യമാകേണ്ടിയിരിക്കുന്നു.

ഓരോ മനുഷ്യ ജീവിയുടെയും വ്യക്തി മാഹാത്മ്യം അംഗീകരിക്കാനും ജീവനുവേണ്ടിയുള്ള അവകാശം സംരക്ഷിക്കാനും എല്ലാവർക്കും ദൗത്യവും ചുമതലയുമുണ്ടെങ്കിലും അൽമായ വിശ്വാസികൾക്ക് ഇക്കാര്യത്തിൽ പ്രത്യേക ചുമതലയുണ്ട്. ഉദാ: മാതാപിതാക്കന്മാർ, അധ്യാപകർ, ആരോഗ്യ പ്രവർത്തകർ, സാമ്പത്തിക രാഷ്ട്രീയ ശക്തികളുടെ ചുമതലക്കാർ മുതലായവർ. സ്നേഹത്തോടും ഉദാരതയോടും കൂടെ എല്ലാ മനുഷ്യരെയും പ്രത്യേകിച്ച് ദുർബലരും രോഗികളുമായവരെ ഉൾക്കൊള്ളുന്ന കാര്യത്തിൽ സഭ ഇന്ന് തന്റെ മൗലികമായ ദൗത്യം നിറവേറ്റുന്നത് പ്രധാനമായും അൽമായ സഹോദരങ്ങളിലൂടെയാണ്. മരണസംസ്ക്കാരം (culture of death) ലോകത്തെ കീഴടക്കാൻ വെമ്പുന്ന വർത്തമാന കാലഘട്ടത്തിൽ അൽമായരുടെ നിതാന്ത ജാഗ്രതയോടെയുള്ള ജീവന്റെ സംസ്ക്കാര ദൗത്യങ്ങൾ അത്യന്താപേക്ഷിതമായിരിക്കുന്നു. ലോകത്തിനുമേൽ നിഴൽ വീശുന്ന അശുഭ വിശ്വാസത്തിനും സ്വാർത്ഥതയ്ക്കുമെതിരെ സഭ ജീവനുവേണ്ടി നിലകൊള്ളുന്നു. ഓരോ അൽമായ വിശ്വാസിയും ജീവന്റെ സംരക്ഷകനും കാവലാളുമാണ്. മനുഷ്യ ജീവനോടുള്ള സഭയുടെ ഭാവാത്മകമായ നിലപാടും സമീപനവും സമൂർത്തവും ഫലപ്രദവുമാക്കേണ്ടത് അൽമായ വിശ്വാസികളുടെ ഉത്തരവാദിത്വമാണ്.

അൽമായ വിശ്വാസികൾക്ക് സമൂഹത്തോടുള്ള കടമ ആരംഭിക്കുന്നത് പ്രധാനമായും വിവാഹത്തിലും കുടുംബത്തിലുമാണ്. സമൂഹത്തിന്റെയും സഭയുടെ തന്നെയും വികസനത്തിൽ കുടുംബത്തിനുള്ള അനുപമവും അനുപേക്ഷണീയവുമായ മൂല്യത്തെപ്പറ്റി ബോധ്യമുണ്ടെങ്കിലേ ആ കടമ വേണ്ടവിധം നിറവേറ്റാൻ സാധിക്കുകയുള്ളൂ. സമൂഹത്തിന്റെ അടിസ്ഥാന കോശമാണ് കുടുംബം. ഇത് ജീവന്റെയും സ്നേഹത്തിന്റെയും പിള്ളത്തൊ

ട്ടിലാണ്. ഒരു വ്യക്തി ജനിക്കുകയും വളരുകയും സംരക്ഷിക്കപ്പെടുകയും കരുതപ്പെടുകയും ചെയ്യുന്നിടം. ഒരു പ്രഥമ സാമൂഹിക കേന്ദ്രം എന്ന നിലയിലുള്ള കുടുംബത്തിന്റെ തനിമയെപ്പറ്റിയും സമൂഹത്തിൽ അതിന്റെ അടിസ്ഥാന പങ്കിനെപ്പറ്റിയുമുള്ള അവബോധം കുടുംബത്തിനുണ്ടാക്കുക എന്നത് അൽമായ വിശ്വാസികളുടെ പ്രേഷിതത്വത്തിൽപ്പെട്ട കടമയാണ്. അങ്ങനെ, സാമൂഹിക ജീവിതത്തിൽ ഉചിതമായ പങ്കാളിത്തത്തിനും വളർച്ചയ്ക്കും വേണ്ടിയുള്ള സജീവവും ഉത്തരവാദിത്വ പൂർണ്ണവുമായ വേദിയാകുന്നു കുടുംബം (അൽമായ വിശ്വാസികൾ 40). കുടുംബത്തിന്റെ ആവശ്യങ്ങളിലും മൂല്യങ്ങളിലും തൽപ്പരരും കാര്യസ്ഥരുമാകണം അൽമായർ എന്ന് തിരുസഭാമാതാവ് ആഗ്രഹിക്കുന്നു. “ഭാവിയിലേക്കുള്ള പാത കുടുംബത്തിലൂടെയാണ് കടന്നുപോകുന്നത്”(കുടുംബം ഒരു കൂട്ടായ്മ 188) എന്ന് തിരുസഭ പരിപൂർണ്ണമായി ബോധവതിയാണ്.

പരസ്നേഹപരമായ സേവനത്തിനായി മുഴുവൻ സഭയും നേരിട്ട് വിളിക്കപ്പെട്ടിരിക്കുന്നു. നിഷ്കളങ്കമായ സ്നേഹമാണ് എക്കാലത്തും സഭയുടെ പ്രത്യേക ലക്ഷണം. പരസ്നേഹ പ്രവർത്തനങ്ങൾ സഭയുടെ സ്വന്തവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശവും ഉത്തരവാദിത്വവുമാണ്. ഇക്കാരണത്താലാണ് അഗതികളോടും രോഗികളോടുമുള്ള അനുകമ്പയും പരസ്നേഹ പ്രവർത്തനങ്ങളും സഭ വളരെയേറെ വിലമതിക്കുന്നത് (അൽമായ പ്രേഷിതത്വം 8). ഭൗതിക വ്യവസ്ഥിതിയിൽ ക്രൈസ്തവ ചൈതന്യം നിറയ്ക്കുകയെന്ന അൽമായ വിശ്വാസികളുടെ സവിശേഷമായ ചുമതല നിർവ്വഹിക്കുവാൻ തന്റെ മക്കളെ എന്നും പ്രതീക്ഷയോടെ സഭാമാതാവ് ക്ഷണിക്കുന്നു. അയല്ക്കാരനോടുള്ള സ്നേഹം വഴി അൽമായ വിശ്വാസികൾ ക്രിസ്തുവിന്റെ രാജത്വത്തിലുള്ള പങ്കാളിത്വം (cfr. മർക്കോസ് 10, 45) അനുഷ്ഠിക്കുകയും വെളിവാക്കുകയും ചെയ്യുന്നു.

തിരുസഭയിൽ രക്ഷാകരമായ സുവിശേഷം പ്രഘോഷിക്കുവാൻ എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയും തങ്ങളുടെ വിളികളുടെയും സാഹചര്യങ്ങളുടെയും ശുശ്രൂഷകളുടെയും വൈവിധ്യമനുസരിച്ച് ദൈവരാജ്യത്തിന്റെ വരവിനുവേണ്ടി ജോലി ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പണിയപ്പെട്ട കർത്താവിന്റെ ഏക ശരീരത്തിലെ സജീവ അവയവങ്ങളാണ് എല്ലാവരും. സഭാകൂട്ടയ്മയിൽ ഒന്ന് മറ്റൊന്നിന് വേണ്ടിയെന്നവണ്ണമുള്ള ജീവിതാവസ്ഥകൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഗാർഹിക സഭയെന്ന നിലയിൽ ക്രൈസ്തവ കുടുംബം വിശ്വാസ രൂപവത്കരണത്തിന്റെ സ്വാഭാവികവും അടിസ്ഥാനപരവുമായ വിദ്യാലയമാണ്. ഗാർഹിക സഭ സാർവ്വത്രിക സഭയുടെ ജീവിതത്തിലും ദൗത്യത്തിലും പങ്കുകൊള്ളുന്നു എന്ന അവബോധം ക്രൈസ്തവ ദമ്പതികൾക്കും മാതാപിതാക്കൾക്കും എത്രമാത്രം കൂടുതലാണോ അത്രമാത്രം അവരുടെ സന്താനങ്ങളും സഭാവബോധത്തിൽ വളർന്നുവരും. അങ്ങനെ ഊർജ്ജസ്വലതയോടെ ദൈവരാജ്യ ശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യും. വിശുദ്ധ സഭയിൽ തങ്ങളുടെ വിളിയും ദൗത്യവും വിലയിരുത്തുവാനും വിലമതിക്കുവാനും അൽമായ ദിനം അൽമായ സഹോദരങ്ങളെ പ്രാപ്തരാക്കുന്നു.

കരുണാവർഷാചാരണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ അൽമായദിനം നാം ആചരിക്കുന്നത്. ദൈവപിതാവിന്റെ കരുണയുടെ മുഖമായ യേശുനാഥൻ കാരുണ്യ പ്രവർത്തികളാൽ നമ്മുടെ ജീവിതത്തെ ദൈവികവും അർത്ഥപൂർണ്ണവുമാക്കാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. കരുണയോടെ നമ്മുടെ ജീവിതം നമുക്ക് കരുപിടിപ്പിക്കാം. നസ്രത്തിലെ തിരുകുടുംബത്തിന്റെ വത്സലപിതാവും അൽമായ പ്രസ്ഥാനങ്ങളുടെയെല്ലാം സ്വർഗ്ഗീയ മദ്ധ്യസ്ഥനും കാവൽപിതാവുമായ വി. യൗസേഫ് പിതാവിന്റെ അനുഗ്രഹീത സാന്നിധ്യവും മദ്ധ്യസ്ഥതയും നമ്മുടെ പ്രവർത്തനങ്ങളെ ദീപ്തമാക്കട്ടെ. സുവിശേഷവാഹിനിയായ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അഭിമാന ഭാജനങ്ങളായി നമുക്ക് ജീവിക്കാം. ഉത്ഥിതനായ കർത്താവ് നമുക്ക് നിത്യമായ സമാധാനവും സമൃദ്ധമായ ജീവനും നല്കട്ടെ.

അൽമായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അൽമായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസന്റ് ഡി. പോൾ, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അൽമായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചയ്ക്കും പൊതുസമൂഹത്തിന്റെ വികസനത്തിനും വേണ്ടി എല്ലാ അൽമായ പ്രസ്ഥാനങ്ങളും നൽകുന്ന പങ്കാളിത്തവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. അൽമായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്രകാഴ്ച നമ്മുടെ സഭയിലെ അൽമായ ശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതത് ഭദ്രാസന, എക്സാർക്കേറ്റ് പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ ശേഖരിച്ച തുക കാതോലിക്കേറ്റ് സെന്ററിൽ പ്രവർത്തിക്കുന്ന അൽമായ കമ്മീഷൻ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അൽമായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ.

ഉത്ഥിതനായ യേശു നമ്മെ അനുഗ്രഹിക്കട്ടെ.

എന്ന്,



✠ **ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
**അൽമായർക്കുവേണ്ടിയുള്ള സുന്നഹദോസ്**
**കമ്മീഷൻ ചെയർമാൻ &**
**മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ**

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
ഈസ്റ്റർ 2016

# അമലഗിരി വാർത്തകൾ

**വാർഷിക ധ്യാനം**

ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം 2016 മെയ് 8–ാം തീയതി വൈകിട്ട് 7–ന് സന്ധ്യാപ്രാർത്ഥന യോടെ ആരംഭിച്ച് മെയ് 13–ാം തീയതി ഉച്ചവരെ പുന്നമൂട് ജീവാരാം ആനിമേഷൻ സെന്ററിൽ ക്രമീകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ഡോ.വിൻസന്റ് കുണ്ടുകുളം അച്ചനാണ് ധ്യാനഗുരു.

**വിദ്യാഭ്യാസ മീറ്റ്**

മാവേലിക്കര ഭദ്രാസനത്തിലെ വിദ്യാഭ്യാസ ശുശ്രൂഷ അവലോകനം ചെയ്യുവാനും ശാക്തീകരിക്കുവാനും പരിശുദ്ധ സുന്നഹദോസിന്റെ വിദ്യഭ്യാസ കമ്മീഷൻ ചെയർമാൻ അഭി. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായും സമിതി അംഗങ്ങളും നേതൃത്വം നല്കുന്ന വിദ്യഭ്യാസ മീറ്റ് 03 മെയ് 2016 രാവിലെ 9 മുതൽ അമലഗിരി അരമനയിൽ സമ്മേളിക്കുന്നു.

## APPOINTMENTS AND TRANSFER/ APRIL 2016

**PARISH PRIESTS**

Rt. Rev. Jose Kadakampallil Corepiscopo- Kundara
Rt. Rev. Daniel Kochuvila Remban- Kollam-Kadappakada
Fr. Geevarghese Kallittayil- Nooranadu, Panayil
Fr. George Varghese Kolanjikompil- Kadampanadu, Vilanthara
Fr. Oommen Padipurackal- Karthikappally, Muttam
Fr. Geevarghese Nediyamalayil- Harippad
Fr. John Alex Puthenveedu- Pavumba, Thazhava
Fr. Geevarghese Chackapoottil- Karichal, Vazhuthanam, Pallippadu
Fr. Thomas Kuruvila Cheruthone OIC- Vettiyar
Fr. George Thomas Punnamangalam OIC- Mudiyoorkonam, Edappon

**ASSOCIATE VICAR**

Fr. Varghese Mukulumpurath- Kaithacodu, Maruthoor, Mulavana

**PROTOPRESBYTER**

Very Rev. Dr. George Abraham Thalothil- Kadampanadu Eccl. District

**NOTARY/ EPARCHIAL TRIBUNAL**

Fr. John Maruthoor

# മാർ ഈവാനിയോസ് മൈനർ സെമിനാരി

**മധ്യവേനൽ അവധി**

മധ്യവേനൽ അവധിയ്ക്കായി മാർച്ച് 18 മുതൽ മെയ് 31 വരെ മൈനർ സെമിനാരി വിദ്യാർത്ഥികൾ സ്വഭവനത്തിലേക്ക് പോയി.

**ദൈവവിളി ക്യാമ്പ്**

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് പുന്നമൂട് (മാവേലിക്കര, കറ്റാനം വൈദിക ജില്ലകൾ, 02-04-2016), ചെങ്ങന്നൂർ (ചെങ്ങന്നൂർ വൈദികജില്ല, 02-04-2016), തുവയൂർ (കടമ്പനാട് വൈദികജില്ല, 09-04-2016), പുത്തൂർ (പുത്തൂർ, കൊല്ലം വൈദിക ജില്ലകൾ, 09-04-2016) എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു. ഇവയ്ക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്യുകയും, ഇവയിൽ പങ്കെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിച്ചയയ്ക്കുകയും ചെയ്ത ബഹു. വൈദികരേയും, ബ്രദേഴ്സിനെയും, സിസ്റ്റേഴ്സിനേയും, സണ്ടേസ്കൂൾ അധ്യാപകരേയും നന്ദിപൂർവ്വം ഓർക്കുന്നു.

**റീജൻസി**

തത്വശാസ്ത്രപഠനം പൂർത്തിയാക്കിയ ബ്രദർ മാത്യൂ വലിയപറമ്പിൽ അമലഗിരി ബിഷപ്സ് ഹൗസിലും, ബ്രദർ ജോഷ്വാ

തെക്കേടത്ത് മാർ ഈവാനിയോസ് മൈനർ സെമിനാരിയിലും ഏപ്രിൽ 21 മുതൽ റീജൻസി ആരംഭിച്ചു.

റീജൻസി പൂർത്തിയാക്കിയ ബ്രദേഴ്സിന്റെ (ഇലവിനാൽ മാത്യൂ (ചേതന), കരിമ്പാലിൽ വർഗീസ് (മൈനർ സെമിനാരി), കൊല്ലന്റെ തെക്കതിൽ നിജോ (പ്രബോധന), നാല് തെങ്ങുങ്കൽ തോമസ് (പഴകുളം), പാലവിള തോമസ് (ബൈബിൾ അപ്പോസ്തലേറ്റ്), പുളിവിള ജോബിൻ (കെ.സി.എസ്.സി.), തെക്കേവീട്ടിൽ ജോസഫ് (അരമന) സേവനങ്ങളെ നന്ദിപൂർവ്വം ഓർക്കുന്നതോടൊപ്പം അവരുടെ തുടർന്നുള്ള വൈദീക പരിശീലനത്തിന് എല്ലാവിധ നന്മകളും നേരുന്നു.

**ദൈവവിളി ധ്യാനം**

ഈ വർഷത്തെ ദൈവവിളി ധ്യാനം മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ വച്ച് മെയ് മാസം 2 മുതൽ 4 വരെ നടത്തപ്പെടുന്നു.

**ഇന്റർവ്യൂ**

2016 – 2017 അധ്യായന വർഷത്തിൽ സെമിനാരിയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി അഭിവന്ദ്യ പിതാവുമായുള്ള ഇന്റർവ്യൂ മെയ് മാസം 14–ാം തീയതി രാവിലെ 9 മണി മുതൽ മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. ഇതിൽ സംബന്ധിക്കുന്നതിന് വൈദീകരാകാൻ താല്പര്യമുള്ള സൽസ്വഭാവികളും എസ്.എസ്.എൽ.സി., +2 പരീക്ഷ പാസായവരുമായ ആൺകുട്ടികളെ പ്രോത്സാഹിപ്പിച്ച് അയയ്ക്കാൻ ബഹു. വൈദീകരേയും മാതാപിതാക്കളേയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**സംഗമം**

മാവേലിക്കര ഭദ്രാസനത്തിനു മേജർ സെമിനാരികളിൽ പഠിക്കുന്ന വൈദീക വിദ്യാർത്ഥികൾ മെയ് മാസം 16 മുതൽ 19 വരെ അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ ഒത്തുകൂടുന്നു.

**മ്സമറോനോ, കോറൂയോ, ഹവ്പ്പ്ദയാക്ക്നോ, മ്ശംശോനോ പട്ടങ്ങൾ**

മെയ് 20–ന് രാവിലെ 8 മണിക്ക് ബ്രദർ ജോസഫ് പഠിപ്പുര, ബ്രദർ ജോൺ തോട്ടത്തിൽ, ബ്രദർ റോഷൻ വടക്കുംതല എന്നിവർ

അഭിവന്ദ്യ പിതാവിന്റെ തൃക്കൈയ്യാൽ പൂർണ്ണ ശെമ്മാശന്മാരായി അഭിഷേകം ചെയ്യപ്പെടുന്നു.

ബ്രദർ ജോൺ അയണുവേലിൽ, ബ്രദർ മാത്യൂ ചെങ്കിലേത്ത്, ബ്രദർ ജോൺ കടുവിങ്കൽ എന്നിവർ ഹവ്പ്പ്ദയാക്ക്നോ പട്ടവും, ബ്രദർ പീറ്റർ കാവിന്റെ തെക്കേതിൽ മ്സമറോനോ, കോറീയോ പട്ടങ്ങളും അഭിവന്ദ്യ പിതാവിൽ നിന്ന് സ്വീകരിക്കുന്നു.

**വൈദീക വസ്ത്ര സ്വീകരണം**

റീജൻസി വിജയകരമായി പൂർത്തിയാക്കിയ ബ്രദർ ഇലവിനാൽ മാത്യൂ, ബ്രദർ കരിമ്പാലിൽ വർഗീസ്, ബ്രദർ കൊല്ലന്റെ തെക്കേതിൽ നിജോ, ബ്രദർ നാലുതെങ്ങുങ്കൽ തോമസ്, ബ്രദർ പാലവിള തോമസ്, ബ്രദർ പുളിവിള ജോബിൻ, ബ്രദർ തെക്കേവീട്ടിൽ ജോസഫ് എന്നിവർ മെയ് 20-ാം തീയതി രാവിലെ 8 മണിക്ക് മാർ ഈവാനിയോസ് മൈനർ സെമിനാരിയിൽ വച്ച് അഭിവന്ദ്യ പിതാവിൽ നിന്നും വൈദീക വസ്ത്രം സ്വീകരിക്കുന്നു.

വിവിധ പട്ടങ്ങൾ സ്വീകരിക്കുന്നവർക്കും, വൈദീകവസ്ത്രം സ്വീകരിക്കുന്നവർക്കുമുള്ള ഒരുക്കധ്യാനം മെയ് 9 മുതൽ 14 വരെ ബഹു.തോമസ് പുത്തൻപുരയ്ക്കൽ അച്ചന്റെ നേതൃത്വത്തിൽ നിരണം മാർ സ്ലീവാ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു.

# മലങ്കര കത്തോലിക്ക യുവജന പ്രസ്ഥാനം (MCYM)

**യുവജന ധ്യാനം - ആത്മ 2016**

2016 വർഷത്തെ യുവജനങ്ങൾക്കായിട്ടുള്ള ആത്മ - 2016 യുവജന ധ്യാനം കൊട്ടിയം ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ഫാ. റോബിൻ ചിറ്റൂപറമ്പിൽ ധ്യാനത്തിന് നേതൃത്വം കൊടുത്തു. ആറ് വൈദീക ജില്ലകളിൽ നിന്നായി 140 യുവജനങ്ങൾ ധ്യാനത്തിൽ പങ്കെടുത്തു. അവസാന ദിവസം അഭിവന്ദ്യ

ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് വി. കുർബാന അർപ്പിക്കുകയും ധ്യാന ചിന്തകൾ നൽകുകയും ചെയ്തു. ഈ ധ്യാനത്തിന് ഭദ്രാസന സമിതിയോസ് സഹകരിച്ച എല്ലാ വൈദീക ജില്ലാ ഭാരവാഹികളോടും ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ് എന്നിവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. കൂടാതെ ധ്യാനത്തിൽ പങ്കെടുത്ത എല്ലാ വൈദീകരോടും ഭദ്രാസന സമിതിയുടെ നന്ദി അറിയിക്കുന്നു.

**കാരുണ്യവർഷ സഹായനിധി**

2016 വർഷം സഭ കാരുണ്യവർഷമായി ആചരിക്കുന്ന ഈ വേളയിൽ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനം കാരുണ്യ വർഷ ത്തിന്റെ പ്രവർത്തനങ്ങൾക്കായുള്ള ധനശേഖരണാർത്ഥം ഇറക്കിയ സഹായനിധി അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത 17/04/2016-ൽ ഉദ്ഘാടനം ചെയ്തു. ഈ ഉദ്യമത്തോട് എല്ലാ വൈദീക ജില്ലകളും സഹകരിക്കണമെന്നും വിജയിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**ക്രിക്കറ്റ് ടൂർണമെന്റ്**

ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ക്രിക്കറ്റ് ടൂർണമെന്റ് 21/05/2016 കടമ്പനാട് വൈദീക ജില്ലയിൽ വച്ച് നടത്തപ്പെടുന്നു.

# ചേതന

**വേനൽ പൂക്കൾ**

ചേതനയും, സേവയും സംയുക്തമായി അവധിക്കാല പരിശീലന ക്ലാസ്സ് കുട്ടികൾക്കായി സംഘടിപ്പിച്ചു. കൈതക്കോട്, മുഖത്തല, അമ്പലത്തുംകാല എന്നിവിടങ്ങളിലാണ് ക്ലാസ്സുകൾ നൽകിയത്. ഇതിൽ 70 കുട്ടികൾ പങ്കെടുത്തു. മുഖത്തലയിൽ ഫാ. ജോർജ്ജ് ആന്റണി അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് സി.ജോയൽ എസ്.ഐ.സി.

ഉദ്ഘാടനം ചെയ്തു. അമ്പലത്തുംകാലായിൽ ഫാ.ജെയിൻ തെങ്ങുവിളയിൽ അദ്ധ്യക്ഷത വഹിച്ചു. മീറ്റിംഗ് വാർഡ് മെമ്പർ ഉദ്ഘാടനം ചെയ്തു. കൈതക്കോട് ഫാ. ഫ്രാൻസിസ് പ്ലാവറകുന്നിൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് വാർഡ് മെമ്പർ സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു.

**KSSF വനിത സ്വയം സംരഭക പുരസ്കാരം**

വനിതാ ദിനത്തോടനുബന്ധിച്ച് KSSF ഒരുക്കിയ സ്വയം തൊഴിലിലൂടെ സ്വയം പര്യാപ്തതയിലേക്ക് കടന്നുവന്ന വനിതകളെ ആദരിക്കുന്ന ചടങ്ങിൽ കൈതക്കോട് ഇടവകയിൽ നിന്നും ശ്രീമതി സിന്ദുരാജു അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ടു പിതാവിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

**ആശാകിരണം**

ചേതനയും കാരിത്താസ് ഇൻഡ്യയും സംയുക്തമായി നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി ഏപ്രിൽ 2 ശനിയാഴ്ച ചേതനയിൽ വച്ച് നടത്തപ്പെടുന്നു. കറ്റാനം ജില്ലാവികാരി ബഹു. ഫാ. ജോസ് വെൺമലോട്ട് പരിപാടി ഉദ്ഘാടനം ചെയ്തു. ചേതന ഡയറക്ടർ ഫാ. ബിന്നി നെടുംപുറത്ത് അദ്ധ്യക്ഷത വഹിച്ച ഈ മീറ്റിംഗിൽ വച്ച് Clarity box ന്റ ഉദ്ഘാടനം Mr. Amal Krisha (Asakiranam State Cordinator) നിർവ്വഹിച്ചു. സി.ഫിലോമിന, സി. വിമൽ റോസ് (വിൻസെൻഷൻ കോൺവെന്റ്, തുവയൂർ) ആദ്യ സംഭാവന നൽകി. 9 ഇടവകകളിൽ നിന്നായി 21 പ്രതിനിധികൾ പങ്കെടുത്തു. ഇതിനോട് സഹകരിച്ച എല്ലാ വികാരി അച്ചന്മാർക്കും പ്രതിനിധികൾക്കും പ്രത്യേകം നന്ദി.

**സെന്റ് പീറ്റേഴ്സ് ഹാൻഡ്**

സെന്റ് പീറ്റേഴ്സ് ഹാൻഡ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയ 150 ക്യാൻസർ രോഗികൾക്കുള്ള സഹായവിതരണം ഏപ്രിൽ 3-ന് (പുതു ഞായറാഴ്ച) എല്ലാ ദേവാലയങ്ങളിലും വച്ച് വി.കുർബാനയ്ക്കുശേഷം നൽകുകയുണ്ടായി. ബഹു. അച്ചന്മാരോടുള്ള നന്ദി അറിയിക്കുന്നു.

**ചേതന ആകാശവാണിയിൽ**

ആകാശവാണിയിലെ വയലും വീടും പരിപാടിയിൽ ചേതനയുടെ നേതൃത്വത്തിൽ നടക്കുന്ന ഔഷധ സസ്യ പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് ചേതന ഡയറക്ടർ ഫാ.ബിന്നി നെടുംപുറത്ത് 2016 ഏപ്രിൽ 19-ന് റേഡിയോ പ്രക്ഷേപണം നടത്തി.

**സഫലം**

നേരത്തെ അറിയിച്ചതിൽ നിന്നും വ്യത്യസ്തമായി സഫലം കുട്ടികൾക്കുള്ള ബോധവത്ക്കരണ ക്ലാസ്സ് മെയ് 12,13,14 തീയതികളിൽ ചേതനയിൽ വച്ച് നടത്തപ്പെടുന്നതാണ്. മെയ് 14-ന് കുട്ടികളുടെ മാതാപിതാക്കൾക്ക് 14-ാം തീയതി ചേതനയിൽ വച്ച് ബോധ വത്ക്കരണ ക്ലാസ്സ് നൽകുന്നതാണ്.

**സഫലം Panal Meeting**

Saphalam Panal Meeting April 27- ന് ചേതനയിൽ വച്ച് വൈകിട്ട് 3 മണിക്ക് നടത്തുന്നതാണ്.

**Cos' Animators Meeting**

2016 ഏപ്രിൽ 19-ന് ചേതനയിൽ വച്ച് Cos' Animators നുള്ള മീറ്റിംഗ് നടത്തപ്പെട്ടു. ഓരോ സംഘത്തിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. മുമ്പോട്ടുള്ള പ്രവർത്തനങ്ങൾ എപ്രകാരം ആയിരിക്കണമെന്നും ചർച്ച ചെയ്തു.

**വനിതാ ദിനാഘോഷവും യൂണിറ്റ് വാർഷികവും**

പുന്തല യൂണിറ്റ്: 2016 മാർച്ച് 8-ാം തീയതി വെൺമണി കത്തോലിക്കാ ദേവാലയത്തിൽ വച്ച് മീറ്റിംഗ് നടത്തപ്പെട്ടു. ഫാ.ബിന്നി നെടുംപുറത്ത് (ചേതന ഡയറക്ടർ) അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഫാ.ലൂക്കോസ് കന്നിമേൽ (റീജണൽ ഡയറക്ടർ, ചെങ്ങന്നൂർ) ഏവർക്കും സ്വാഗതം ആശംസിച്ചു. ശ്രീ.ലിജുകുമാർ (പ്രസിഡന്റ്, വെണ്മണി ഗ്രാമപഞ്ചാ യത്ത്) മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. വനിതാ ദിനാചരണ ഉദ്ഘാടനം ശ്രീമതി ബീന ബഷീർ (മുൻ വാർഡ് മെമ്പർ) നടത്തി. തുടർന്ന് വാർഡ് മെമ്പർമാരെ ആദരിച്ചു. കുമാരി രാജീ കൃഷ്ണ (പ്രോജക്ട് കോർഡിനേറ്റർ, ചേതന) ശ്രീമതി മോളി ബാബു (പ്രസിഡന്റ്, പുന്തല യൂണിറ്റ്), ശ്രീ.റജി രാജു (ആനിമേറ്റർ ചേതന) എന്നിവർ ആശംസകളർപ്പിച്ചു. ശ്രീമതി സൂസൻ ബേബി (സി.ഒ., പുന്തല) നന്ദി അർപ്പിച്ചു.

**നന്ദി**

കഴിഞ്ഞ 6 മാസം ചേതനയിൽ റീജന്റായി പ്രവർത്തിച്ച ബഹു. ബ്രദർ മാത്യൂ ഇലവിനാലിന് യാത്രാ മംഗളങ്ങൾ നൽകി. ബഹു.ബിന്നിയച്ചൻ ബ്രദറിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് എല്ലാ ഭാവുകങ്ങളും നേർന്നു.

**റീജണൽ മീറ്റിംഗ്**

2016 മെയ് 17-ന് അതാത് റീജണിൽ വച്ച് മീറ്റിംഗ് നടത്തപ്പെടുന്നതാണ്.

**റീജണൽ വാർഷികവും, പരിസ്ഥിതി ദിനാഘോഷവും**

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കറ്റാനം റീജൺ പരിസ്ഥിതി ദിനാഘോഷവും റീജണൽ വാർഷികവും 2016 മെയ് 28-ന് ചേതനയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**NLEP വിലയിരുത്തൽ**

ദേശീയ കുഷ്ഠരോഗ നിവാരണ പദ്ധതിയുടെ ഭാഗമായി 24 രോഗികൾക്ക് ചികിത്സാ സഹായവും മരുന്നും എത്തിച്ചു കൊടുക്കുന്നു. ഇതിന്റെ ആദ്യഘട്ട വിലയിരുത്തലിനായി അസിസ്റ്റന്റ് ലെപ്രസി ഓഫീസർ മിസ്റ്റർ രഘുമൂപ്പനും, നോൺ മെഡിക്കൽ സൂപ്രവൈസർ മിസ്റ്റർ താഹയും പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തി.

**നെയിം സ്ലിപ്പ്**

ഔഷധ സസ്യ ബോധവത്ക്കരണത്തിന്റെ ഭാഗമായി ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ ബോധവത്ക്കരണം ജനിപ്പിക്കുന്നതിനായി ചേതനയിലെ ബാല സംഖ്യം കുട്ടികൾക്കായുള്ള നെയിംസ്ലിപ്പുകൾ ചേതന തയ്യാറാക്കി വിതരണം ചെയ്തു.

**വാർഷിക വിലയിരുത്തൽ**

മെയ് 25, 26 തീയതികളിൽ ഓരോ റീജൺന്റെയും ഒരു വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തൽ നടത്തുന്നതാണ്.

മെയ് 25, രാവിലെ 10.30 മുതൽ വൈകിട്ട് 3.00 വരെ കൊല്ലം, പുത്തൂർ, കടമ്പനാട് റീജന്റെ പ്രവർത്തന വിലയിരുത്തൽ നടത്തും.

മെയ് 26, രാവിലെ 10.30 മുതൽ വൈകിട്ട് 3.00 വരെ ചെങ്ങന്നൂർ, മാവേലിക്കര, കറ്റാനം റീജന്റെ പ്രവർത്തന വിലയിരുത്തൽ നടത്തും.

# കുടുംബ പ്രേഷിത കാര്യാലയം

**മാതൃവേദി - കടമ്പനാട് വൈദികജില്ല**

**2015 വാർഷികവും, ഹെസദ് - 2016 കർമ്മപദ്ധതി പ്രകാശനവും**

കടമ്പനാട് വൈദികജില്ലയുടെ മാതൃവേദിയുടെ 2015 വർഷത്തെ വാർഷികവും, ഹെസദ്-2016 കർമ്മപദ്ധതി പ്രകാശനവും 2016 ഏപ്രിൽ മാസം 22-ാം തീയതി കടമ്പനാട് സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടന്നു. രാവിലെ 9-നു വന്ദ്യ ജോസ് കടകംപള്ളിൽ കോർ-എപ്പിസ്ക്കോപ്പ മാതൃവേദി പതാക ഉയർത്തിയതിനെ തുടർന്ന് സി. ജർമ്മയിൻ ജേക്കബ് ഡി.എം. അമ്മമാർക്കും വിദ്യാർത്ഥികൾക്കും വേണ്ടി ക്ലാസ്സെടുത്തു. അതിനെ തുടർന്നു ഭദ്രാസനത്തിലെ വികാരി ജനറാൾ വന്ദ്യ ജോർജ്ജ് ചരുവിള കോർ-എപ്പിസ്കോപ്പ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

വന്ദ്യ ജോസ് കടകംപള്ളിൽ കോർ-എപ്പിസ്ക്കോപ്പാ ഹെസദ് 2016 കർമ്മപദ്ധതി പ്രകാശനം ജില്ലാ പ്രസിഡന്റ് ശ്രീമതി അന്നാ പൊന്നച്ചന് നൽകികൊണ്ട് നിർവ്വഹിച്ചു. കുടുംബപ്രേഷിത കാര്യാലയം ഡയറക്ടർ ഫാ. ചെറിയാൻ മായിക്കൽ മുഖ്യസന്ദേശം നൽകി. കടമ്പനാട് ജില്ലയുടെ മാതൃവേദി ഡയറക്ടർ ഫാ.വിജയാനന്ദ് ഇടയിലെ വീട്ടിൽ ആമുഖ പ്രസംഗവും കടമ്പനാട് ജില്ലയുടെ എം.സി.വൈ.എം. ഡയറക്ടർ ഫാ. ജോർജ്ജ് കോട്ടപ്പുറം, ജില്ലാ മാതൃവേദി ആനിമേറ്റർ സി. മെർലി എന്നിവർ ആശംസാപ്രസംഗവും നടത്തി. പ്രസിഡന്റ് ശ്രീമതി അന്ന പൊന്നച്ചൻ അധ്യക്ഷ പ്രസംഗവും, ശ്രീമതി ഡറീന ദാസ് സ്വാഗത പ്രസംഗവും, ശ്രീമതി സുജാ മാത്യു കൃതജ്ഞതയും അർപ്പിച്ചു. മാതൃവേദി ആന്തത്തോടെ യോഗം സമാപിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം പ്രോഗ്രാം അവസാനിച്ചു.

# ജീസസ് ഫ്രട്ടേണിറ്റി

**തടവറ സന്ദർശനം**

മാവേലിക്കര സബ് ജയിലിൽ കഴിയുന്ന സഹോദരങ്ങളെ 2016 ഏപ്രിൽ 23 ശനിയാഴ്ച ഉച്ചയ്ക്ക് 2.30 ന് മവേലിക്കര ഭദ്രാസന ജീസസ് ഫ്രട്ടേണിറ്റി അംഗങ്ങൾ സന്ദർശിച്ചു.

**കൗൺസിലിംഗ്**

മവേലിക്കര കുറത്തികാട് ഹോളി സ്പിരിറ്റ് കോൺവെന്റിൽ എല്ലാ മാസത്തിന്റെയും 4-ാമത്തെ ശനിയാഴ്ച കൗൺസിലിങ്ങും വിടുതൽ ശുശ്രൂഷയും നടക്കുന്നു. രാവിലെ 8.00 മുതൽ ഉച്ചകഴിഞ്ഞ് 3.00 വരെ.

# 2016 മെയ് മാസത്തിലെ പ്രാർത്ഥനാ നിയോഗങ്ങൾ

**പൊതുനിയോഗം:** 'ലോകത്തിലെ എല്ലാ രാജ്യങ്ങളിലും സ്ത്രീകൾ ആദരിക്കപ്പെടുന്നതിനും ബഹുമാനിക്കുന്നതിനും അവർ സമൂഹത്തിന് നൽകുന്ന സംഭാവനകൾ അർഹിക്കുന്ന ബഹുമാനത്തോടെ പുകഴ്ത്തപ്പെടുന്നതിനും വേണ്ടി...'

**പ്രേഷിതനിയോഗം:** 'കുടുംബങ്ങളും സമൂഹങ്ങളും സംഘങ്ങളും സുവിശേഷവൽക്കരണത്തിനും സമാധാനത്തിനുമായി ജപമാല ചൊല്ലി പ്രാർത്ഥിക്കുക'.

# Let us Remember, Congratulate and Pray....

**MAY**

**Birthday**

Fr. John Maruthoor - May 04
Fr. John Vaipil - May 05
Fr. Sam Paruvelil - May 10
Fr. Abraham Pappadiyil - May 17
Fr. Abraham Thalothil - May 18
Fr. Oommen Padipurackal - May 18
Fr. Thomas Cherupushpabhavan - May 20
Fr. Geevarghese Nediyamalayil - May 21
Fr. Benedict Perumuttathu - May 30
Fr. Geevarghese Kaithavana - May 30
Fr. Kaleb Cheruvallil - May 31

**His Grace** - May 24

**Feast Day**

Fr. Job Kalluvilayil - May 06
Rt. Rev. John Puthenvilayil Corepiscopo - May 08
Fr. John Padipurackal - May 08

**Ordination Day**

Fr. Cheriyan Kolanjikompil - May 05



# സ്മരണീയ ദിനങ്ങൾ

**മെയ്**

01 - തൊഴിലാളി മദ്ധ്യസ്ഥനായ മാർ യൗസേഫ്
ജറെമിയാ നിബിയാ
മലങ്കര സുറിയാനി കത്തോലിക്കാ അൽമായ ദിനം

02 - മാർ അത്തനാസിയോസ്

05 - സുലോക്കൊ (നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണം)

06 - നീതിമാനായ ജോബ്

07 - നമ്മുടെ കർത്താവിന്റെ കുരിശു കണ്ടെത്തൽ

08 - മാർ യോഹന്നാൻ ശ്ലീഹാ

09 - ഏശയ്യാ നിബിയാ

10 - തീക്ഷ്ണനായ മാർ ശെമഔൻ ശ്ലീഹാ

11 - സ്ലാവ് ജനതയുടെ വിശുദ്ധ സിറിലും മെത്തോഡിയോസും

12 - സൈപ്രസിലെ മാർ എപ്പിഫാനിയോസ്
നിസീബിസിലെ മെത്രാനും മല്പാനുമായ മാർ യാക്കോബ്

13 - അന്ത്യോക്യയിലെ മാർ ഇസഹാക് മല്പാൻ

14 - മാർ അദ്ദായി ശ്ലീഹാ

15 - പെന്തിക്കോസ്തി പെരുന്നാൾ
കതിരുകളെ പ്രതി പരി. ദൈവമാതാവിന്റെ ഓർമ്മ
മാർ പക്കോമിയോസ്

18 - മാർ യാക്കോബ് ശ്ലീഹാ ആദ്യമായി വി.കുർബാന
അർപ്പിച്ചതിന്റെ ഓർമ്മ

20 - സ്വർണ്ണ വെള്ളിയാഴ്ച, നാലു സുവിശേഷകന്മാർ

21 - വി. ഹെലേന രാജ്ഞി

22 - വി. റീത്ത

25 - വി. സോഫിയാ

26 - വി. ഫിലിപ്പ് നേരി

29 - ദൈവവിളി ദിനം, വി. തെയോഡോഷ്യ

30 - കെസറിയായിലെ മാർ യൗസേബിയൂസ്,
വി. ജോവാൻ ഓഫ് ആർക്ക്,
തോമസ് മാർ യൗസേബിയൂസ് പിതാവിന്റെ
നാമഹേതുക തിരുന്നാൾ

# Programme Diary of His Grace

## May

| Date | Venue / Function | Time |
|---|---|---|
| 01 | Kadampanadu<br>Puliyila<br>Karthikapally<br>Vettiyar | 08.00 AM<br>11.00 AM<br>01.00 PM<br>05.00 PM |
| 02 | Kalayapuram<br>Mudiyoorkonam | 11.00 AM<br>05.00 PM |
| 03 | Amalagiri/ Synodal Commission for Education Meet<br>Perumpuzha | 09.00 AM<br>06.30 PM |
| 04 | Kottarakara<br>Puthiyacavu | 12.00 Noon<br>04.00 PM |
| 05 | Ramapuram<br>Kodakara/ Sahrdaya College/ Xavier Board 22nd Triennial Conference | 07.30 AM<br>06 .00 PM |
| 06 | POC<br>Chandanappally | 10.00 AM<br>06.00 PM |
| 07 | Villoor<br>Changanassery<br>Ampalathumkala | 08.00 AM<br>11.00 AM<br>04.00 PM |
| 08 | Karickal<br>Kizhaketheruvu<br>Pallimon<br>Jeevaaram/ Punnamoodu | 07.00 AM<br>10.00 AM<br>02.00 PM<br>07.00 PM |
| 08-13 | Jeevaaram/ Punnamoodu/ Annual Retreat | |

| Date | Venue / Function | Time |
|---|---|---|
| 14 | Kallumala/ Minor Seminary/ Interview<br>Pala | 09.00 AM<br>03.00 PM |
| 15 | Charismatic Retreat/ Matha School Alappuzha | 11.00 AM |
| 16 | Thumpamon Mampilaly | 01.00 PM |
| 17 | Kattanam<br>Kurathikad | 09.00 AM<br>11.00 AM |
| 18 | Kattanam | 09.00 AM |
| 19 | Karickam<br>Karavaloor | 11.00 AM<br>01.00 PM |
| 20 | Kallumala/ Minor Seminary/ Major-Minor Orders<br>Vattappara/ Shalom | 08.00 AM<br>04.00 PM |
| 21 | Punnala<br>Kandala | 09.00 AM<br>05.00 PM |
| 22 | Dindigal | 10.00 AM |
| 23 | Ampalathumkala | 11.00 AM |
| 24 | Kodukulanji | 02.00 PM |
| 26 | Kollakadav | 11.00 AM |
| 27 | Amalagiri/ Shalom Recording | 09.00 AM |
| 28 | Kurumpanadam<br>Kattanam/ Teachers' Guild | 10.30 AM<br>02.00 PM |
| 29 | Mundupalam | 05.00 PM |
| | **JUNE** | |
| 03 | Kottayam/ Nilackal Ecumenical Trust Meet | 10.00 AM |
| 04 | Venmony | 11.00 AM |